**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4018** **15-07-2022 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര നഗരസഭയിലെ കോട്ടത്തോടിന്റെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര നഗരസഭയിലെ കോട്ടത്തോടിന്റെ പുനരുദ്ധാരണത്തിനും ശുചീകരണത്തിനുമായി നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്കായി നഗരസഭ വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ? | (എ) | മാവേലിക്കര നഗരസഭ പരിധിയിലുള്ള കോ ട്ടത്തോട് നവീകരണത്തിനായി 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപ വകയിരുത്തിയിരുന്നതും ആയതിനു സാങ്കേതിക അനുമതി ലഭിച്ചതിനെ തുടർന്ന് ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ആരും തന്നെ ടെണ്ടർ ഏറ്റെടുത്തിട്ടില്ലാത്തതുമാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടത്തോട് നവീകരണത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കോട്ടത്തോടിന്റെ മലിനീകരണം തടയുന്നതിന്റെ ഭാഗമായി എൻജിനീയറിങ്, ഹെൽത്ത് എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സ്ക്വാഡ് രൂപീകരിച്ചു പരിശോധന നടത്തി അനധികൃതമായി കോട്ടതോട്ടിലേക്ക് മാലിന്യം ഒഴുക്കിവിട്ടിരുന്ന 8 കടകൾക്കും 2 വീടുകൾക്കും നോട്ടീസ് നൽകി നഗരസഭ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ